പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4335 17/05/2017-ൽ മറുപടിക്ക്

## നാഷണൽ റൂറൽ ഹെൽത്ത് മിഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | നാഷണൽ റൂറൽ ഹെൽത്ത് മിഷൻ മുഖേന ലാബോറട്ടറി സൗകര്യം ഇല്ലാത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ സൗജന്യ നിരക്കിൽ ലബോറട്ടറി സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | എ) | ദേശീയ ആരോഗ്യ ദൗത്യത്തിന്റെ സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 250 പ്രാഥമിക സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽ അതാതിടത്തെ ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് ലാബോറട്ടറി സംവിധാനം ആരംഭിക്കുന്നതാണ്. താഴെ പറയുന്ന നിബന്ധനകൾ പാലിക്കുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്ക് ലാബുകൾ അനുവദിച്ചിട്ടുണ്ട്.<br>1. ഒരു ലാബ് പ്രവർത്തനക്ഷമമാക്കാൻ ഏകദേശം 3,20,000/- രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ട്. പദ്ധതി തുകയുടെ 20 ശതമാനം ചെലവ് അതാത് പഞ്ചായത്തുകൾ വഹിക്കണം.<br>2. ലാബ് ടെക്നീഷ്യന്റെ ശമ്പളം ലാബിൽ നിന്നും കിട്ടുന്ന വരുമാനത്തിൽ നിന്നും വഹിക്കണം<br>3. ലാബ് സജ്ജീകരിക്കുന്നതിന് വേണ്ടി 150 ചതുരശ്ര അടി വിസ്തീർണ്ണമുള്ള മുറി സൗകര്യപ്പെടുത്തണം.<br>ഈ പദ്ധതി പ്രകാരം ഇതുവരെ 158 പ്രാഥമിക സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലെ ലാബുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ദേശീയ നഗരാരോഗ്യ ദൗത്യത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ആരംഭിച്ചിരിക്കുന്ന 83 അർബൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളോടൊപ്പവും ലാബോറട്ടറികൾ പ്രവർത്തിക്കേണ്ടതാണ്. ബന്ധപ്പെട്ട നഗരസഭകളാണ് കെട്ടിടം സജ്ജീകരിക്കേണ്ടത്. എന്നാൽ കെട്ടിടത്തിന്റെ സ്ഥലപരിമിധി മൂലം 65 UPHC കളിൽ മാത്രമേ ഇതിനോടകം ലാബോറട്ടറികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. അവശേഷിക്കുന്നവയിൽ കൂടി ലാബുകൾ ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുന്നു. |

സെക്ഷൻ ഓഫീസർ